The Heavenly Light Ministry

ലോകെ ഞാനെൻ ഓട്ടം തികച്ചു സ്വർഗ്ഗഗേഹേ വിരുതിനായി
പറന്നിടും ഞാൻ മറുരുപമായ് പരനേശു രാജൻ സന്നിധൗ
ദൂതസംഘമാകവേ എന്നെ എതിരേൽക്കുവാൻ
സദാ സന്നദ്ധരായ് നിന്നീടുന്നേ
ശുഭ്രവസ്ത്രധാരിയായ് എന്റെ പ്രീയന്റെ മുമ്പിൽ
ഹല്ലേലൂയ്യാ പാടീടും ഞാൻ
ഏറെ നാളായ് കാണ്മാനാശയായ്
കാത്തിരുന്ന എന്റെ പ്രീയനെ
തേജസ്സോടെ ഞാൻ കാണുന്ന നേരം
തിരുമാർവ്വോടണഞ്ഞീടുമേ ദൂതസംഘ
നീതിമാന്മാരായ സിദ്ധന്മാർ
ജീവനും വെറുത്ത വീരന്മാർ
വീണകളേന്തി ഗാനം പാടുമ്പോൾ
ഞാനും ചേർന്നു പാടീടുമേ ദൂതസംഘ
താതൻ പേർക്കായ് സേവ ചെയ്താൽ
താതനെന്നെ മാനിക്കുവാനായ്
തരുമോരോരോ ബഹുമാനങ്ങൾ
വിളങ്ങീടും കിരീടങ്ങളായ് ദൂതസംഘ
കൈകളാൽ തീർക്കപ്പെടാത്തതാം
പുതുശാലേം നഗരമതിൽ
സദാകാലം ഞാൻ മണവാട്ടിയായി
പരനോടു കൂടെ വാഴുമേ ദൂതസംഘ